GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Press Release

PR.132/2026 23.10.2026

നെല്ലച്ഛൻ ചെറുവയൽ രാമന്റെ പേരിൽ കതിര് അവാർഡ് ഏർപ്പെടുത്തും: കൃഷിമന്ത്രി അഡ്വ. ടി. സിദ്ദിഖ്

കതിര് കാർഷിക ക്ലബ്ബുകളിലൂടെ പുതുതലമുറയെ കൃഷിയിലേക്ക് ആകർഷിക്കും

തിരുവനന്തപുരം: വിദ്യാലയങ്ങളിലൂടെ പുതുതലമുറയിൽ കാർഷികാഭിരുചി വളർത്തുന്നതിനായി കൃഷി വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന കതിര് കാർഷിക ക്ലബ്ബ് പദ്ധതിയുടെ ഭാഗമായി, വിദ്യാർത്ഥികളെയും സമൂഹത്തെയും കൃഷിയിലേക്ക് കൂടുതൽ അടുപ്പിക്കുന്നതിനും പ്രചോദിപ്പിക്കുന്നതിനുമായി ചെറുവയൽ രാമന്റെ പേരിൽ കതിര് കർഷക അവാർഡ് ഏർപ്പെടുത്തുമെന്ന് കൃഷിമന്ത്രി അഡ്വ. ടി. സിദ്ദിഖ് അറിയിച്ചു. കതിര് കാർഷിക ക്ലബ്ബുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട മാസ്റ്റർ ട്രെയിനർമാർക്കായി തിരുവനന്തപുരം ആനയറയിലെ സമേതി (SAMETI)യിൽ സംഘടിപ്പിച്ച സംസ്ഥാനതല പരിശീലന പരിപാടിയുടെ സമാപന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കൃഷി കേവലം ഉപജീവനമാർഗം മാത്രമല്ലെന്നും ഭക്ഷ്യസുരക്ഷ, ആരോഗ്യസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, യുവജനങ്ങളുടെ തൊഴിൽസാധ്യതകൾ എന്നിവയുമായി ബന്ധപ്പെട്ട സുപ്രധാന മേഖലയാണെന്നും മന്ത്രി പറഞ്ഞു. കാർഷിക മേഖലയിൽനിന്ന് അകന്നുപോയ പുതുതലമുറയെ തിരിച്ചുകൊണ്ടുവരുന്നതിനും കൃഷി ആദായകരമായ ഒരു സംരംഭമാണെന്ന ബോധ്യം വളർത്തുന്നതിനും കതിര് കാർഷിക ക്ലബ്ബുകൾ സഹായകമാകണം. വിദ്യാർത്ഥികളിലൂടെ കുടുംബങ്ങളിലേക്കും അവിടെനിന്ന്

സമൂഹത്തിലേക്കും കാർഷിക സംസ്കാരം വ്യാപിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

കേരളം മുൻകാലങ്ങളിൽ ഭൂപരിഷ്കരണം, കുടുംബശ്രീ, സമ്പൂർണ സാക്ഷരത തുടങ്ങിയ മേഖലകളിൽ രാജ്യത്തിനും ലോകത്തിനും മുന്നിൽ മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. സമാനമായ രീതിയിൽ സമൂഹത്തിന്റെ അടിത്തട്ടിൽ ഇടപെട്ട് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന ജനകീയ മുന്നേറ്റമായി കതിര് കാർഷിക ക്ലബ്ബ് പദ്ധതിയും മാറണം. വിദ്യാർത്ഥികൾക്ക് കൃഷിയോടുള്ള താൽപര്യം വളർത്തുന്നതിനൊപ്പം ഭക്ഷ്യസ്വയംപര്യാപ്തതയിലേക്കുള്ള കേരളത്തിന്റെ മുന്നേറ്റത്തിനും ഈ പദ്ധതി കരുത്തുപകരുമെന്നും മന്ത്രി പറഞ്ഞു.

പരമ്പരാഗത കൃഷിരീതികൾക്ക് ഇന്നും പ്രസക്തിയുണ്ടെങ്കിലും ഹൈഡ്രോപോണിക്സ്, അക്വാപോണിക്സ്, പ്രിസിഷൻ ഫാമിങ്, യന്ത്രവൽക്കരണം തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകൾ കാർഷിക മേഖലയ്ക്ക് പുതിയ സാധ്യതകൾ തുറന്നുനൽകുന്നുണ്ട്. സ്റ്റാർട്ടപ്പുകൾ, കാർഷിക സംരംഭങ്ങൾ, കാർഷിക എൻജിനീയറിങ്, വിപണന സംവിധാനങ്ങൾ, കയറ്റുമതി സാധ്യതകളുള്ള പഴവർഗ കൃഷി തുടങ്ങിയ മേഖലകളിലും കേരളത്തിൽ വലിയ അവസരങ്ങളുണ്ട്. കൃഷി ലാഭകരമല്ലെന്ന പഴയ ധാരണ മാറ്റി, ശാസ്ത്രീയവും സാങ്കേതികവിദ്യാധിഷ്ഠിതവുമായ കാർഷിക സംരംഭങ്ങളിലേക്ക് യുവാക്കളെ ആകർഷിക്കേണ്ടതുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

കുട്ടികളിൽ കൃഷിയോടുള്ള താൽപര്യം വളർത്തുന്നതിലൂടെ അവരുടെ കുടുംബങ്ങളിലേക്കും കാർഷിക പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സാധിക്കും. സ്കൂളുകളിലെ കാർഷിക പ്രവർത്തനങ്ങൾക്കൊപ്പം വീടുകളിലെ കൃഷിക്കും കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ പദ്ധതി മുന്നോട്ടുകൊണ്ടുപോകണം. ഘട്ടംഘട്ടമായി കൂടുതൽ വിദ്യാലയങ്ങളിലേക്ക് കതിര് കാർഷിക ക്ലബ്ബുകൾ വ്യാപിപ്പിക്കുന്നതിലൂടെ ആയിരക്കണക്കിന് കുട്ടികളെയും അവരുടെ കുടുംബങ്ങളെയും കാർഷിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കാൻ കഴിയുമെന്ന് മന്ത്രി പറഞ്ഞു.

കതിര് മാർക്കറ്റ്, കതിര് സഞ്ചാരം, കതിര് പ്രോഗ്രസ് കാർഡ്, കതിര് കലണ്ടർ, കതിര് യൂണിഫോം, കതിര് ആന്തം തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ പദ്ധതിക്ക് വിപുലമായ ജനകീയ അടിത്തറ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികൾക്ക് കൃഷിയെക്കുറിച്ചുള്ള അറിവ് പകരുന്നതിനൊപ്പം പ്രായോഗിക പരിശീലനവും കാർഷിക സംരംഭങ്ങളെ പരിചയപ്പെടുത്തുന്ന അനുഭവങ്ങളും ലഭ്യമാക്കണം. ഈ പ്രവർത്തനങ്ങളെ ഫലപ്രദമായി വിദ്യാലയങ്ങളിലേക്ക് എത്തിക്കുന്നതിൽ മാസ്റ്റർ ട്രെയിനർമാർക്ക് നിർണായക പങ്കുണ്ടെന്നും മന്ത്രി പറഞ്ഞു.

പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ പ്രതിസന്ധികൾ ഭക്ഷ്യസുരക്ഷയുടെയും പ്രാദേശിക കാർഷിക ഉൽപാദനത്തിന്റെയും പ്രാധാന്യം ബോധ്യപ്പെടുത്തിയ അനുഭവങ്ങളാണ്. പണം കൈവശമുണ്ടെന്നതുകൊണ്ടുമാത്രം ജീവിതം മുന്നോട്ടുകൊണ്ടുപോകാനാകില്ലെന്നും പ്രതിസന്ധിഘട്ടങ്ങളിൽ ഭക്ഷ്യലഭ്യത ഉറപ്പാക്കാൻ പ്രാദേശിക കാർഷിക ഉൽപാദനം ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു. സുരക്ഷിതമായ പച്ചക്കറികൾ, പഴവർഗങ്ങൾ, ധാന്യങ്ങൾ എന്നിവയുടെ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിലൂടെ ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കാനും മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള ഭക്ഷ്യവസ്തുക്കളുടെ വരവിനെ ആശ്രയിക്കുന്നത് കുറയ്ക്കാനും സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

കൃഷിയോടുള്ള താൽപര്യം വളർത്തുന്നത് ലഹരിക്കെതിരായ സാമൂഹിക ഇടപെടലുകൾക്കും വഴിയൊരുക്കും. 'കൃഷിയാണ് ലഹരി' എന്ന സന്ദേശത്തിലൂടെ കുട്ടികളിലും യുവജനങ്ങളിലും ആരോഗ്യകരമായ ജീവിതശൈലിയും പ്രകൃതിയോടുള്ള ഉത്തരവാദിത്വബോധവും വളർത്താൻ കഴിയുമെന്ന് മന്ത്രി പറഞ്ഞു.

കൃഷി വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും ഏകോപനത്തോടെ പ്രവർത്തിച്ചാൽ കതിര് കാർഷിക ക്ലബ്ബുകൾക്ക് കേരളത്തിന്റെ കാർഷിക-വിദ്യാഭ്യാസ മേഖലകളിൽ ദീർഘകാല സ്വാധീനം സൃഷ്ടിക്കാൻ സാധിക്കും. വിദ്യാർത്ഥികളിലേക്കും അവരുടെ കുടുംബങ്ങളിലേക്കും കൃഷിയുടെ സന്ദേശം എത്തിക്കുന്നതിൽ മാസ്റ്റർ ട്രെയിനർമാർ നിർണായക കണ്ണികളാണെന്നും പദ്ധതിയുടെ ലക്ഷ്യങ്ങൾ മനസ്സിലാക്കി കൂട്ടായ പ്രവർത്തനത്തിലൂടെ മുന്നോട്ടുപോകണമെന്നും മന്ത്രി അഭ്യർഥിച്ചു.

പരിപാടിയിൽ കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ രജനി മുരളീധരൻ, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ഷീബ ജോർജ്, കൃഷി-വിദ്യാഭ്യാസ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ